## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.775 08.01.2014-ൽ മറുപടിക്ക്

**<u>റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

(എ) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ അനുവദിച്ചിട്ടുള്ള ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ തസ്തികകളും നിലവിൽ ജോലി ചെയ്യുന്നവരും അവധി എടുക്കുകയോ വർക്കിംഗ് അറേഞ്ച്മെന്റുവഴി മറ്റിടങ്ങളിൽ ജോലി ചെയ്യുകയോ ചെയ്യുന്നവരുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ;

(എ) റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിലുള്ള ജീവനക്കാരുടെ അനുവദിക്കപ്പെട്ട തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| തസ്തിക | അനുവദിക്കപ്പെട്ട എണ്ണം |
|---|---|
| 1. സൂപ്രണ്ട് | 1 |
| 2. കൺസൾട്ടന്റ് (ഓർത്തോ) | 1 |
| 3. ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) | 1 |
| 4 കൺസൾട്ടന്റ് (ഗൈനക്കോളജി) | 1 |
| 5. ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) | 1 |
| 6. കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |
| 7. ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | 1 |
| 8. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) | 2 |
| 9. ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) | 1 |
| 10. ജൂനിയർ കൺസൾട്ടന്റ് (സർജറി) | 1 |
| 11. കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ | 3 |
| 12. ഡെന്റൽ അസിസ്റ്റന്റ് സർജൻ | 1 |
| 13. ഹെഡ് നഴ്സ് | 1 |
| 14. സ്റ്റാഫ് നഴ്സ് ഗ്രേഡ് - I | 5 |
| 15. സ്റ്റാഫ് നഴ്സ് ഗ്രേഡ് - II | 6 |
| 16. ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 |
| 17. ഫാർമസിസ്റ്റ് | 1 |
| 18. റേഡിയോഗ്രാഫർ | 1 |

| | |
|---|---|
| 19. ഒഫ്ത്താൽമിക് അസിസ്റ്റന്റ് | 1 |
| 20. ലാബ് ടെക്നീഷ്യൻ | 1 |
| 21. ലേ സെക്രട്ടറി & ട്രഷറർ | 1 |
| 22. സീനിയർ ക്ലാർക്ക് | 1 |
| 23. ക്ലാർക്ക് | 1 |
| 24. യു.ഡി.ടൈപ്പിസ്റ്റ് | 1 |
| 25. ആഫീസ് അറ്റൻഡർ | 1 |
| 26. ഡ്രൈവർ | 1 |
| 27. നഴ്സിംഗ് അസിസ്റ്റന്റ് | 4 |
| 28. അറ്റൻഡർ - ഗ്രേഡ് - I | 1 |
| 29. അറ്റൻഡർ - ഗ്രേഡ് - II | 5 |
| 30. പാർട്ട് ടൈം | 1 |

ഇതിൽ അനസ്തേഷ്യ കൺസൾട്ടന്റ് വർക്കിംഗ് അറേഞ്ച്മെന്റിൽ കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്നുണ്ട്. ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ), ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്), ജൂനിയർ കൺസൾട്ടന്റ് (സർജറി) എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. കൺസൾട്ടന്റ് (ഗൈനക്കോളജി) മെഡിക്കൽ ലീവിലുമാണ്.

(ബി) പ്രസ്തുത ആശുപത്രിയിൽ സർജന്റെ തസ്തിക എന്നുമുതൽ ഒഴിഞ്ഞുകിടക്കുകയാണെന്നും വ്യക്തമാക്കുമോ; ആധുനിക സൗകര്യങ്ങളോടെയുള്ള ഓപ്പറേഷൻ തീയേറ്ററുണ്ടെങ്കിലും സർജന്റെ അഭാവംമൂലം ആയതിന്റെ ഗുണഫലം പാവപ്പെട്ട രോഗികൾക്ക് ലഭിക്കുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ആശുപത്രിയിൽ സർജന്റെ തസ്തിക അനുവദിച്ച നാൾ മുതൽ ഇന്നേവരെ ഒഴിഞ്ഞുകിടക്കുകയാണ്. സർവീസിൽ പി.ജി ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നിയമനം നൽകി ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) താലൂക്കാശുപത്രി നിലവാരത്തിൽ പ്രവർത്തിക്കണമെങ്കിൽ ആവശ്യമായ തസ്തികകൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ; റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിന് മാത്രം തസ്തികകൾ ഒഴിവാക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | (സി) താലൂക്കാശുപത്രിയിൽ ഐ.പി/ഒ.പി യുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് തസ്തികകൾ അനുവദിക്കുന്നത്. പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസറിൽ നിന്നും പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനുയോജ്യമായ തീരുമാനം എടുക്കുന്നതാണ്. |
| (ഡി) ശബരിമലയുടെ താലൂക്കാശുപത്രി എന്ന പരിഗണന നൽകി, റാന്നി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ മതിയായ തസ്തികകൾ അനുവദിക്കുന്നതിനും ഇവിടെ ജോലി ചെയ്യാൻ താല്പര്യപ്പെട്ട് അപേക്ഷ നൽകുന്നവർക്ക് സ്ഥലംമാറ്റം നൽകുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ആഫീസർമാരിൽ നിന്നും ലഭിക്കുന്ന പക്ഷം സ്ഥലംമാറ്റക്കാര്യത്തിൽ ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ